പഠനം

ഡോ. മാജിദ് അർസാൻ കിലാനി

വിദ്യാഭ്യാസ തത്ത്വശാസ്ത്രം: പ്രതിസന്ധികൾ മറികടക്കാനുള്ള ശ്രമങ്ങൾ

വിദ്യാഭ്യാസത്തിന്റെ തത്ത്വശാസ്ത്രം എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച വ്യത്യസ്ത വീക്ഷണങ്ങൾ അവയുടെ പരിഹാരങ്ങൾക്കായുള്ള കൂട്ടായ ശ്രമങ്ങളെ ത്വരിതഗതിയിലാക്കി. Philosophy of Education Society 1953-ൽ Committee on the Nature and Function of the Dicipline of Philosophy of Education എന്ന പേരിൽ രൂപവത്കരിച്ചു.

1. നദാനിയേൽ ഷാംബ്ളൻ (ബ്രോക്ലിൻ കോളേജ്)
2. ഡേവിഡ് ആഡംസ് (ന്യൂയോർക്ക് യൂനിവേഴ്സിറ്റി)
3. ഓട്ടോ ക്രാഷ് (സ്റ്റേറ്റ് യൂനിവേഴ്സിറ്റി, ന്യൂയോർക്ക്)
4. റോബർട്ട് മാസൺ (വെസ്റ്റേൺ യൂനിവേഴ്സിറ്റി)
5. ഫ്രാൻസിസ് വിലാമിൻ (ന്യൂയോർക്ക് യൂനിവേഴ്സിറ്റി)[1]

വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെയും വിദ്യാഭ്യാസ തത്ത്വശാസ്ത്രജ്ഞന്റെയും ധർമം എന്ത് എന്നത് സംബന്ധിച്ച് കൃത്യമായൊരു ചട്ടക്കൂട് വരയ്ക്കുക സാധ്യമല്ലെന്ന് നിർദിഷ്ഠ വിദ്യാഭ്യാസ സമിതി തുടക്കത്തിലെ തീർപ്പിലെത്തി. കാരണം, വിവിധ വിഷയങ്ങളെ കൈകാര്യം ചെയ്യാനോ അതുമായി ബന്ധപ്പെട്ട ആശയങ്ങൾക്കോ ഒരു നിർവചനം നൽകാൻ സാധ്യമല്ല.[2] ഇതുപോലെ, അമേരിക്കയിലെ ദേശീയ വിദ്യാഭ്യാസ സമിതി പ്രസിദ്ധീകരിച്ച 54-ാം നമ്പർ വാർഷിക പുസ്തകം വിദ്യാഭ്യാസ തത്ത്വശാസ്ത്ര വിഷയകമായ പ്രതിസന്ധി പരിഹരിക്കാൻ കൂട്ടായ ശ്രദ്ധ വേണ്ടതുണ്ടെന്ന നിർദേശം മുന്നോട്ടുവെക്കുകയുണ്ടായി. ഇതിനിടെ സംവാദങ്ങൾ ഉയർന്നുവന്നു. വിദ്യാഭ്യാസ വിദഗ്ധരും തത്ത്വശാസ്ത്രജ്ഞരും വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ നിർവചിക്കാൻ ശ്രമം

അബ്റഹാം മാസ്‌ലോ ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളെ പ്രതിരോധത്തിലാക്കി. അവ മതമൂല്യങ്ങളുടെ രംഗത്തേക്ക് കടന്നുവരണമെന്ന് ശഠിച്ചു. നവോത്ഥാന കാലഘട്ടത്തിന്റെ തുടക്കത്തിൽ യൂറോപ്പ് മതത്തെയും ശാസ്ത്രത്തെയും വേർപെടുത്തി. രണ്ടിന്റെയും സംയോജനം ഇസ്‌ലാമിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നടന്നു. പാഠ്യവിഷയങ്ങൾക്കിടയിൽ അതിന്റെ സ്ഥാനം നിർണയിക്കാൻ ശ്രമങ്ങൾ നടന്നു. ഈ പഠനങ്ങളെല്ലാം ഒരു വലിയ സത്യംപുറത്തുകൊണ്ടുവന്നു. അമേരിക്കയിലും യൂറോപ്പിലും യഥാർഥ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ പിൻബലമില്ലാതെയാണ് വിദ്യാഭ്യാസം നടക്കുന്നതെന്ന സത്യം!

നിലവിലെ തത്ത്വശാസ്ത്ര വിദ്യാലയങ്ങൾ മനുഷ്യരുടെ ആവശ്യങ്ങൾക്ക് ഉത്തരം നൽകുന്നില്ലെന്നും വ്യക്തിപരമായ മാനങ്ങളെ പരിഗണിക്കുന്നില്ലെന്നുമുള്ള തിക്ത സത്യം!!

Christopher J. Lucas ഈ കഷ്ടാവസ്ഥയെക്കുറിച്ചെഴുതുന്നു: 'ആധുനിക ജീവിതത്തിന് ലക്ഷ്യാഭിമുഖ്യം വേണ്ടതുണ്ടെന്നത് കൂടുതലായി ആവർത്തിക്കപ്പെടുന്ന വർത്തമാനമാണ്. മനുഷ്യസ്വത്വത്തെക്കുറിച്ച നഷ്ടബോധവും അസ്വസ്ഥതകളും, സാങ്കേതികവിദ്യ തീർത്ത യാന്ത്രികതയും മൂല്യബദ്ധമല്ലാത്ത ശാസ്ത്ര ജ്ഞാനവും തജ്ജന്യമായി ഉണ്ടായിത്തീർന്ന ജീവിതത്തെക്കുറിച്ച അർഥരാഹിത്യബോധവുമെല്ലാം ചേർന്ന് മനുഷ്യൻ നിരാശനും പരിഭ്രാന്തനുമാണ്. മാധ്യമങ്ങൾ പലതും നമ്മുടെ കൈവശമുണ്ട്. പക്ഷേ, ലക്ഷ്യപ്രാപ്തിയിലെന്നു മാത്രം! തൽസമയ നിമിഷങ്ങളെക്കുറിച്ച പ്രക്ഷുബ്ധമായ വികാരങ്ങളാൽ സമ്പന്നരായ നമുക്ക് പക്ഷേ സുദീർഘ ലക്ഷ്യങ്ങളെക്കുറിച്ച് തൃപ്തികരമായ കാഴ്ചപ്പാടില്ല. ജീവിതത്തെക്കുറിച്ച് നമുക്ക് സമഗ്രവും സമ്പൂർണവുമായ കാഴ്ചപ്പാടില്ല. ആധുനിക മനുഷ്യനും സമൂഹവും ഒരുപോലെ ധൈഷണികമായും ആത്മീയമായും രോഗാതുരമാണ്. ആധുനിക ജീവിതം അധഃപതനവും ഏകാന്തതയും അന്യതാബോധവുമാണ് നൽകുന്നത്. നമുക്ക് പുതിയ മൂല്യങ്ങളും കാഴ്ചപ്പാടുകളും വേണം. നിലവിലെ പ്രതിസന്ധിയിൽ നിന്ന് പുറത്തുകടക്കാൻ സഹായകമായ ശമനൗഷധം നമുക്ക് അത്യാവശ്യമാണ്.[3]

തത്ത്വശാസ്ത്രത്തിലെയും ലക്ഷ്യങ്ങളിലെയും ഈ വിദ്യാഭ്യാസ ശൂന്യതയുടെ വൃത്തം വികസിച്ചുകൊണ്ടേയിരുന്നു. പാശ്ചാത്യ ലോകത്തെ മുഴുവൻ വിദ്യാഭ്യാസ മേഖലയെയും നിയന്ത്രിച്ചിരുന്ന അതിപ്രഗത്ഭർ പോലും ഇതേക്കുറിച്ച് പരിതപിച്ചുകൊണ്ടിരുന്നു. Sidney Hook എഴുതുന്നു: 'വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെക്കുറിച്ച് നിരർഥകമായ ഒട്ടേറെ സംസാരങ്ങൾ നടക്കുന്നുണ്ട്. ഐഡിയലിസം, പ്രാഗ്മാറ്റിസം, തോമാ അക്വിനോയുടെ ദൈവശാസ്ത്രം എന്നു വേണ്ട, ഏത് തത്ത്വശാസ്ത്രത്തിലെയും രണ്ട് തത്ത്വശാസ്ത്രജ്ഞർക്ക് തങ്ങളുടെ തത്ത്വശാസ്ത്രത്തെപ്പറ്റി വ്യത്യസ്തമായ നിലപാടാണുള്ളത്. മിസ്റ്റർ ബ്രോഡിയെ പോലുള്ള ചില തത്ത്വശാസ്ത്രജ്ഞർ ഐഡിയലിസം, റിയലിസം, പ്രാഗ്മാറ്റിസം, അസ്തിത്വവാദം മുതലായവയിൽനിന്ന് പുതിയൊരു വിദ്യാഭ്യാസ തത്ത്വശാസ്ത്രം മെനഞ്ഞുണ്ടാക്കാൻ പ്രോത്സാഹിപ്പിക്കുകയുണ്ടായി. അത് വില കുറഞ്ഞ വായാടിത്തമാണ്. വിദ്യാഭ്യാസ വിഷയങ്ങളിൽ തത്ത്വശാസ്ത്രജ്ഞരെ മാത്രമായി തീരുമാനമെടുക്കാൻ വിട്ടാൽ മൂല്യവത്തായ വിദ്യാഭ്യാസം വികസിച്ചുവരില്ല. അതിന് ഓരോ രാജ്യത്തെയും തത്ത്വശാസ്ത്രജ്ഞരും വിദ്യാഭ്യാസ വിചക്ഷണരും വിദ്യാഭ്യാസ വിഷയകമായി നൈപുണിയുള്ള എല്ലാവരും ചേർന്ന് പരിഹാരമാരായണം. മാനവമൂല്യങ്ങൾ സമഗ്ര സിദ്ധാന്തത്തിലൂടെ തെളിയിച്ചെടുക്കാൻ പ്രവർത്തിക്കണം.[4]



അബ്രഹാം മാസ്‌ലോ

1955-ൽ അമേരിക്കൻ ഫിലോസഫി സൊസൈറ്റി വിദ്യാഭ്യാസ വിഷയകമായി ഒരു പ്രത്യേക സമ്മേളനം നടത്തുകയുണ്ടായി. Harry S Broudy, Kingsley Price എന്നിവർ പ്രൗഢമായ രണ്ട് പഠനങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

1955-ൽ John S. Brucbacher ആധുനിക വിദ്യാഭ്യാസം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് ഒരു പുസ്തകം രചിക്കുകയുണ്ടായി. അതിൽ ഉന്നയിച്ച പ്രധാന വാദഗതികൾ: 1. ആധുനിക വിദ്യാഭ്യാസം അസ്വസ്ഥപൂർണമാണ്. അതിന് ലക്ഷ്യമോ സൂക്ഷ്മതയോ രൂപരേഖയോ ഇല്ല. ജീവിതത്തിലെ പലതരം പ്രവണത

നാം വ്യാജ തത്ത്വശാസ്ത്രം സ്വീകരിച്ചു എന്നതോ തീരെ പ്രത്യയശാസ്ത്രം സ്വീകരിച്ചില്ല എന്നതോ അല്ല പ്രശ്നം. പ്രത്യുത, തത്ത്വശാസ്ത്ര സംബന്ധമായ വിഷയങ്ങളെക്കുറിച്ച് നാം തുടർചിന്തകൾ നിർത്തിവെച്ചു എന്നതാണ് യഥാർഥ പ്രശ്നം.

കൾക്കുമേൽ മേധാവിത്വം നേടാൻ ആവശ്യമായ അളവുകോലുകൾ അതിനില്ല. പഠിതാക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നൽകുന്നതിൽ വിദ്യാലയങ്ങൾ പരാജയമടഞ്ഞിരിക്കുന്നു.

2. ആധുനിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ തമ്മിൽ പൊരുത്തമില്ല. അതുകൊണ്ടുതന്നെ, ഏത് അളവുകോൽ ഉപയോഗിച്ചാണ് നാം ലക്ഷ്യങ്ങൾ നേടുക? മൂല്യങ്ങൾ സാക്ഷാത്കരിക്കുക? ലക്ഷ്യങ്ങൾ ദൈവികാധ്യാപനങ്ങളുമായാണോ ഒത്തുപോകേണ്ടത്, അതോ, മാനവ താൽപര്യങ്ങളുമായാണോ? അതോ സ്ഥലകാലങ്ങൾക്കനുസൃതമായോ? ഇത്തരം അളവുകോലുകൾ ഇല്ലാതെ പാഠ്യപദ്ധതിയെ നമുക്ക് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക?

3. ആധുനിക വിദ്യാഭ്യാസം പഠിതാവിന്റെ താൽപര്യങ്ങൾക്ക് കവിഞ്ഞ പ്രാധാന്യം നൽകുന്നു. കുട്ടികളെ അവരുടേതായ താൽപര്യങ്ങൾക്കൊത്ത് വിടുകയാണോ വേണ്ടത്, അതല്ല, അവരുടെ നന്മ ലാക്കാക്കി മുതിർന്നവർ അവരെ നയിക്കുകയാണോ വേണ്ടത്? മാനവിക യാഥാർഥ്യങ്ങൾ വിദ്യാഭ്യാസത്തിലൂടെ കണ്ടെടുക്കുകയാണോ വേണ്ടത്, അതല്ല, സമൂഹം നേരത്തെ ആവിഷ്കരിച്ച നന്മകളിലേക്ക് പഠിതാക്കളെ നയിക്കുകയാണോ വേണ്ടത്?

4. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യാശയങ്ങൾ ബലവത്തല്ല; ദുർബലമാണ്. വ്യക്തിയെ സംബന്ധിച്ചേടത്തോളം ജനാധിപത്യം എങ്ങനെയാണ് അനുഭവപ്പെടുക? ജനാധിപത്യമെന്നാൽ ഗവൺമെന്റ് സാമ്പത്തിക സ്വാതന്ത്ര്യത്തിൽ ഇടപെടാതിരിക്കുകയാണോ? കുട്ടികൾ ഉദ്ദേശിക്കുന്നത് സാക്ഷാത്കരിക്കാൻ വിദ്യാലയങ്ങൾക്ക് രക്ഷാകർതൃ സ്വാതന്ത്ര്യം നൽകുമോ? അതോ, സമൂഹം അംഗീകരിച്ചുപോരുന്ന പാരമ്പര്യങ്ങൾക്ക് ചിലപ്പോൾ എതിരാവുന്ന വിധം തീരുമാനങ്ങളെടുക്കാൻ പ്രായപൂർത്തിയായ പഠിതാക്കൾക്ക് അവസരം നൽകലാണോ ജനാധിപത്യം? സാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ വിദ്യാലയം പങ്കുവഹിക്കുമോ?

5. ആധുനിക വിദ്യാലയങ്ങളുടെ സാമൂഹിക ചട്ടക്കൂട് പഠിതാക്കൾക്ക് പരിധിയിൽ കവിഞ്ഞ സ്വാതന്ത്ര്യം നൽകുന്നു. അവരെ അധികാരങ്ങൾക്കോ നിയമങ്ങൾക്കോ വിധേയാക്കുന്നില്ല. പഠിതാക്കളിൽ ബാഹ്യമായ സ്വാധീനം വർധിച്ചാൽ അവർക്ക് ആത്മവിശ്വാസം കുറയുമോ? സർഗാത്മകതയെ ദോഷകരമായി ബാധിക്കുമോ? സ്വാഭാവികമായ സ്വാതന്ത്ര്യം കുറയുമോ? മുതിർന്നവർ തങ്ങളുടെ പഴയ മേധാവിത്വം വീണ്ടെടുത്താൽ വിദ്യാഭ്യാസത്തെ ജനാധിപത്യവിരുദ്ധം എന്ന വാദത്തിൽ നിന്ന് എങ്ങനെയാണ് രക്ഷപ്പെടുത്താനാവുക?

6. പൊതുവിദ്യാഭ്യാസം മതത്തെ തീർത്തും അവഗണിക്കുന്നു. വിദ്യാഭ്യാസത്തിന്റെ മതപരമായ മാനം നഷ്ടപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന് മതമാനം നൽകുന്നത് അതിനെ ലക്ഷ്യബദ്ധമാക്കില്ലേ? അതോ, മതാധ്യാപനം ദൈവവും സീസറും തമ്മിലുള്ള അതിരുകൾ തകരാനിടയാക്കുമോ? അതോ, രാഷ്ട്രവും ചർച്ചും തമ്മിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ രംഗത്തെ അകൽച്ച പരിഹരിക്കേണ്ടതില്ലേ? ഇത്തരം ധാരാളം ചോദ്യങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. ആധുനിക പ്രതിസന്ധികൾ നേരിടുന്നതിനുമുമ്പ് വിദ്യ, മൂല്യങ്ങൾ, മനുഷ്യൻ, സമൂഹം, പ്രപഞ്ചം മുതലായവയെ സംബന്ധിച്ച് നാം കൃത്യമായ ചില നിലപാടുകളിൽ എത്തിച്ചേരേണ്ടതുണ്ട്.[5]

1958-ൽ Paul Woodring നിലവിലെ അമേരിക്കൻ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ നിരൂപണം ചെയ്തുകൊണ്ട് 'വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ പരാജയം' എന്ന ശീർഷകത്തിൽ ഒരു പുസ്തകം എഴുതുകയുണ്ടായി. അതിൽ അദ്ദേഹം എഴുതുന്നു: 'അമേരിക്കയിലെ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ പരാജയമാണ് എന്റെ ഗവേഷണ വിഷയം. അമേരിക്ക വളരെ മോശമായ സാഹചര്യത്തിലൂടെയാണ് മുന്നോട്ടു പോകുന്നത്. നാം വ്യാജ തത്ത്വശാസ്ത്രം സ്വീകരിച്ചു എന്നതോ തീരെ പ്രത്യയശാസ്ത്രം സ്വീകരിച്ചില്ല എന്നതോ അല്ല പ്രശ്നം. പ്രത്യുത, തത്ത്വശാസ്ത്ര സംബന്ധമായ വിഷയങ്ങളെക്കുറിച്ച് നാം തുടർചിന്തകൾ നിർത്തിവെച്ചു എന്നതാണ് യഥാർഥ പ്രശ്നം. ഇത്തരം തത്ത്വശാസ്ത്ര പ്രശ്നങ്ങളെക്കുറിച്ച് നമ്മുടെ ഈ ജാഗ്രത ഇല്ലായ്മ അഗാധ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതും ഉപിപ്ലവവുമായ വിഷയങ്ങളെ വേർതിരിച്ചു കാണുന്നതിനെ ഭയക്കുന്ന അവസ്ഥയിലാക്കിയിരിക്കുന്നു. ഒരു സമൂഹത്തിലെ വിദ്യാലയങ്ങൾ ആ സമൂഹ

മനഃശാസ്ത്ര മേഖലയിൽ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫസർ അബ്റഹാം മാസ്ലൊ, രോഗികളെയും മൃഗങ്ങളെയും പഠനവിധേയമാക്കി നിലപാടുകളിലും നിഗമനങ്ങളിലും എത്തിച്ചേർന്ന ഫ്രോയ്ഡിന്റെയും സ്കിന്നറിന്റെയും ഗവേഷണരീതികളിൽനിന്ന് ഭിന്നമായി, മാനസികമായും ധൈഷണികമായും അരോഗരായ ആളുകളെ പഠനവിധേയമാക്കിയാണ് ഗവേഷണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

ത്തിന്റെ ഇഛയെ ദീർഘകാലത്തേക്ക് പ്രതിഫലിപ്പിക്കുന്നതായിരിക്കണം. പക്ഷേ, മിക്ക അധ്യാപകരും വിദ്യാലയാധികാരികളും വിദ്യാഭ്യാസത്തിന്റെ തത്ത്വശാസ്ത്ര വശത്തെക്കുറിച്ച് അറിയാത്തവരാണ്. പൗരന്മാരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊടുക്കുന്ന വിഷയത്തിൽ അവർ ഇരുട്ടിൽ തപ്പുന്നു. ഏതെങ്കിലും അവിവേകികൾ ഒരു സംഗീത ട്രൂപ്പിനെ ആവശ്യപ്പെട്ടാൽ അധ്യാപകരും വിദ്യാലയാധികൃതരും കുറെ പെൺകുട്ടികളെ സംഘടിപ്പിച്ച് നൽകുന്നു. പഠനനിലവാരം ആയാസകരമാണെന്ന് ആരെങ്കിലും പരാതി പറഞ്ഞാൽ മറ്റുള്ളവരെ പരിഗണിക്കാതെ നിലവാരം പാടെ താഴ്ത്തുന്നു. നാം എല്ലാവരെയും ഭയപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഇത് ജനങ്ങളുടെ ഇഛ എന്ന ആശയത്തിന്റെ തെറ്റായ പ്രയോഗവത്കരണമാണ്.' [6]

അന്ന് നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കെതിരെ ഉന്നയിക്കപ്പെട്ട വാദങ്ങൾ കാണുക:

1. ഐഡിയലിസത്തിനെതിരിൽ ഉന്നയിക്കപ്പെട്ട വാദങ്ങൾ

എ. മുതിർന്നവരുടെ റോളിന് മുൻതൂക്കം നൽകുന്നതിനാൽ ജനാധിപത്യപരമല്ല. അനുകരണത്തെ പ്രോത്സാഹിപ്പിക്കുന്നു.

ബി. വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് തടസ്സം നിൽക്കുന്നു.

സി. ചിന്തക്കും പ്രയോഗവത്കരണത്തിനും മധ്യേ വൈരുധ്യം.

ഡി. സാംസ്കാരിക, സാമൂഹിക പാരമ്പര്യങ്ങളെ വല്ലാതെ പുകഴ്ത്തുന്നു. അവ എന്നെന്നും നിലനിൽക്കുമെന്ന് വാദിക്കുകയും അതിനായി നിർബന്ധിക്കുകയും ചെയ്യുന്നു.[7]

2. റിയലിസത്തിനെതിരെ ഉന്നയിക്കപ്പെട്ട വാദഗതികൾ

എ. റിയലിസത്തിലെ തത്ത്വങ്ങൾ വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് മുൻതൂക്കം നൽകുന്നു.

ബി. വ്യത്യസ്ത സ്ഥാപനങ്ങളിൽ നേതൃത്വം

എഡ്ഗർ ഫറെ റനെ ഡബൊ

നൽകാൻ യോഗ്യരായവരെ തയാറാക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ജനാധിപത്യപരമായ മാതൃക സമർപ്പിക്കുന്നില്ല.

സി. സുസ്ഥിരാശയങ്ങൾ മുന്നോട്ട് വെക്കുന്ന റിയലിസം -സമൂഹത്തിന്റെയും സാഹചര്യത്തിന്റെയും വികാസ പരിണാമങ്ങൾ പരിഗണിക്കുന്നില്ല.

ഡി. ബുദ്ധിയെ മാംസപേശിയായി കാണുന്ന റിയലിസത്തിന്റെ വീക്ഷണത്തെക്കുറിച്ച വിമർശം.

ഇ. ശാരീരിക ശിക്ഷണം പരിഗണിക്കാതെയും പഠിതാവിന്റെ ആവശ്യങ്ങളെയും പാരിസ്ഥിതിക താൽപര്യങ്ങളെയും പരിഗണിക്കാത്ത അവസ്ഥ.

എഫ്. ഭൂതകാലത്തേക്ക് മാത്രം യോജിക്കുന്നതും വർത്തമാനകാലത്തേക്ക് യോജിക്കാത്തതുമായ അവസ്ഥ.[8]

3. പുരോഗമന തത്ത്വശാസ്ത്രത്തിനെതിരെ ഉന്നയിക്കപ്പെട്ട വിമർശങ്ങൾ

പ്രാഗ്മാറ്റിസ തത്ത്വശാസ്ത്രത്തിൽ നിന്ന് ഉടലെടുത്ത പുരോഗമന വിദ്യാഭ്യാസത്തെക്കുറിച്ച് 1950-1957 കാലത്ത് വിമർശമുയർന്നു. തദ്വിഷയകമായി ധാരാളം ഗവേഷണ കൃതികൾ പ്രസിദ്ധീകൃതമായി. ഇന്നും നിരൂപണങ്ങൾ തുടരുന്നു. പ്രധാന വിമർശങ്ങൾ താഴെ:

എ. പ്രാഗ്മാറ്റിസ-പുരോഗമന വിദ്യാഭ്യാസത്തിന് ലക്ഷ്യമില്ല. വിനോദാവശ്യങ്ങൾക്ക് അർഹമായതിൽ കവിഞ്ഞ പരിഗണന നൽകി. ഭാവിതലമുറകളെ തങ്ങ

ളുടെ താൽപര്യങ്ങൾ സാക്ഷാത്കരിക്കാൻ പ്രോത്സാഹിപ്പിച്ചു. സാമൂഹിക വിഷയങ്ങളിൽ ഊന്നൽ നൽകി. അതേസമയം അക്കാദമിക-ബൗദ്ധിക-പഠന വിഷയങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിയില്ല. പ്രാഗ്മാറ്റിക് സ്ഥാപനങ്ങളെക്കുറിച്ച് നിരൂപണം നടത്തിയ ആധുനിക വിമർശകർ വിദ്യാലയങ്ങളെ അക്കാദമിക സ്ഥാപനങ്ങൾ എന്നതിനേക്കാൾ സർക്കസ് കേളീകളങ്ങൾ എന്ന് വിളിക്കുന്നതാണ് കൂടുതൽ ചേരുക എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

ബി. അധ്യയന രീതികൾ, അധ്യാപന മാർഗങ്ങൾ മുതലായവക്ക് ആവശ്യമായതിലധികം പ്രാധാന്യം കൽപിച്ചപ്പോൾ പാഠ്യവിഷയങ്ങളിൽ അധ്യാപകർക്ക് അവഗാഹമുണ്ടാക്കാൻ സംവിധാനമുണ്ടാക്കിയില്ല.

സി. ശാസ്ത്ര വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് നേടുന്നവരേക്കാൾ തൊഴിൽ സാധ്യത വിദ്യാഭ്യാസ വിഷയകമായി സർട്ടിഫിക്കറ്റ് നേടുന്നവർക്കാണെന്ന സാഹചര്യമുണ്ടായി.

ഡി. സാമൂഹിക ഉല്ലാസത്തിലും പാഠ്യവിഷയത്തിലും കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം ശീതസമരകാലത്ത് അമേരിക്കൻ ശാസ്ത്ര പുരോഗതിയെ ദോഷകരമായി ബാധിച്ചു.[9]

ഇ. പ്രാഗ്മാറ്റിസവും പുരോഗമന വിദ്യാഭ്യാസവും യാഥാർഥ്യത്തെ അനുഭവപരിജ്ഞാനത്തിൽ പരിമിതപ്പെടുത്തിയപ്പോൾ, ഭൂത-വർത്തമാനകാലങ്ങളിൽ മനുഷ്യരുടെ ശ്രദ്ധാകേന്ദ്രമായിരുന്ന സമഗ്ര യാഥാർഥ്യത്തെക്കുറിച്ച് എന്തെങ്കിലും സമർപ്പിക്കുന്നതിൽ പരാജയപ്പെട്ടു.

എഫ്. പ്രാഗ്മാറ്റിസം യാഥാർഥ്യമെന്നത് മനുഷ്യസൃഷ്ടിയായി പരിഗണിച്ചതോടെ അതിന്റെ മൂല്യം ഇടിഞ്ഞു.

ജി. പ്രാഗ്മാറ്റിസം ബുദ്ധി എന്ന ആശയത്തെ ചിന്തയുടെയും ധൈഷണികതയുടെയും തലത്തിൽ നിന്ന് ഭൗതിക ജീവിത കാര്യങ്ങൾ ആസൂത്രണം ചെയ്യാനുള്ള കേവല സാമർഥ്യത്തിലേക്ക് തരംതാഴ്ത്തി.

എച്ച്. പ്രാഗ്മാറ്റിസം മൂല്യങ്ങളെയും സൗന്ദര്യബോധത്തെയും സമയബന്ധിതവും ആപേക്ഷികവും അസത്യവുമായി അവതരിപ്പിച്ചു.

ഐ. പ്രാഗ്മാറ്റിസം മനുഷ്യന്റെ വർത്തമാനകാലത്തിൽ മാത്രം കേന്ദ്രീകരിച്ചു. ഭൂതകാല ചരിത്രത്തിന് വളരെ കൂടുതൽ സംഭാവന ചെയ്യാനുണ്ടായിരിക്കെ അതിനെ അവഗണിച്ചത് ശരിയായില്ല.

ജെ. പ്രാഗ്മാറ്റിസം പരിണാമ വാദത്താൽ പ്രചോദിതമായി.

കെ. അധ്യാപകന്റെ റോൾ കുറയുകയും പഠിതാവിൽ കേന്ദ്രീകരിക്കുകയും ചെയ്തതോടെ അധ്യാപകന്റെ പ്രാപ്തിയും വിജ്ഞാനവും യുക്തിജ്ഞതയും കുറഞ്ഞുവന്നു.

എൽ. പ്രാഗ്മാറ്റിസത്തിന്റെ സ്വീകാര്യത അതിനെ തെറ്റായി വ്യാഖ്യാനിക്കാൻ ഉപയോഗപ്പെടുത്തപ്പെട്ടു. പ്രാഗ്മാറ്റിസത്തെ മനസ്സിലാക്കാൻ പ്രയാസമില്ലെങ്കിലും മിക്കയാളുകളും അതിനെ തെറ്റായി ഉപയോഗിച്ചു. 'പഠന പ്രവർത്തനത്തിന്റെ അച്ചുതണ്ട് പഠിതാവാണ്' എന്ന ആശയത്തെ ഉപജീവിച്ച് അധ്യാപകർ പഠിതാക്കളെ കുറച്ചു മാത്രം പഠിപ്പിച്ചു. മാതാപിതാക്കൾ കുട്ടികളുടെ കാര്യത്തിൽ തങ്ങളുടെ ഉത്തരവാദിത്വമൊഴിഞ്ഞു.

എം. 1970 മുതൽ ഇന്നുവരെ പ്രാഗ്മാറ്റിസം ഗവേഷകരാൽ നിശിതമായ വിമർശനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. അതിന്റെ വക്താക്കൾ വ്യാവസായിക സാമ്പത്തിക ശക്തികളുമായി സമവായത്തിലെത്തുകയായിരുന്നുവെന്ന സംശയം ഇതിനകം ബലപ്പെട്ടു കഴിഞ്ഞു. വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിൽശാലകളുടെയും ലക്ഷ്യങ്ങൾക്ക് യോജിച്ച വിധം പാഠ്യപദ്ധതി തയാറാക്കി പഠിതാക്കളെ അവക്ക് പാകമാക്കിയെടുക്കുക എന്നതാണ് അവയുടെ ലക്ഷ്യമെന്ന് വിമർശിക്കപ്പെട്ടിരിക്കുന്നു.

4. നവീകരണ തത്ത്വശാസ്ത്രം വിദ്യാഭ്യാസ തത്ത്വശാസ്ത്രമല്ല. അത് സാമൂഹിക പരിഷ്കരണമായി ബന്ധപ്പെട്ട സാമൂഹിക തത്ത്വശാസ്ത്രമാണ്. വിദ്യാഭ്യാസ പ്രവർത്തനമല്ല.[10]

1985-ൽ, Karen E. Maloney വിദ്യാഭ്യാസ തത്ത്വശാസ്ത്ര വിഷയകമായി നടന്ന മൊത്തം ഗവേഷണ ഫലങ്ങളെ സംഗ്രഹിച്ചുകൊണ്ട് ഇങ്ങനെ എഴുതി: "1958-1967 കാലത്ത് വിദ്യാഭ്യാസ തത്ത്വശാസ്ത്രകാരന്മാർ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ ആശയം, പ്രകൃതി, വിദ്യാഭ്യാസ പ്രക്രിയകളുമായി അതിന്റെ ബന്ധം എന്നിവയെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താൻ ശ്രമിക്കുകയുണ്ടായി. പക്ഷേ, നിരാശയായിരുന്നു ഫലം. അടഞ്ഞ വഴിയുടെ മുമ്പാകെ എത്തിപ്പെട്ട അവസ്ഥയാണ് അവർക്കുണ്ടായത്. 1968-1982 കാലയളവിൽ വിദ്യാഭ്യാസ തത്ത്വശാസ്ത്രജ്ഞർ രണ്ട് വിഭാഗമായി തിരിഞ്ഞു.

ഒന്ന്, വിശകലന തത്ത്വശാസ്ത്ര വിഭാഗം. രണ്ട്, ചിന്തകളുടെ ബാഹ്യതലത്തിൽ മാത്രം ഒതുങ്ങുന്നവർ. വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ നിർവചനം സംബന്ധിച്ച് യോജിച്ച നിലപാടിലെത്താൻ കഴിഞ്ഞില്ലെന്നർഥം.[11]

1982-1997 കാലയളവിൽ വിദ്യാഭ്യാസ വിഷയകമായ അഭിപ്രായങ്ങൾ ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ ആദർശാടിത്തറകളെ ആക്രമിച്ചു. കാരണം, അത് വിദ്യാഭ്യാസം എന്നആശയത്തെയും ജീവിതത്തെയും മനുഷ്യനെയും വിഭജിച്ചുകളഞ്ഞു. വിദ്യാഭ്യാസ സാകല്യത്തിനായി ശബ്ദങ്ങൾ ഉയർന്നു. മനുഷ്യപ്രകൃതിയെയും വിദ്യാഭ്യാസത്തെയും കൂടുൽ വിശാലമായ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിച്ചില്ല.[12] വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറ്റകൃത്യങ്ങളുടെയും മയക്കുമരുന്നിന്റെയും ലൈംഗികതയുടെയും കൂത്തരങ്ങുകളായി. ഇതിന്റെ ഫലമായി Home Schooling Home Education

1970 മുതൽ ഇന്നുവരെ പ്രാഗ്മാറ്റിസം ഗവേഷകരാൽ നിശിതമായ വിമർശനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. അതിന്റെ വക്താക്കൾ വ്യാവസായിക സാമ്പത്തിക ശക്തികളുമായി സമവായത്തിലെത്തുകയായിരുന്നുവെന്ന സംശയം ഇതിനകം ബലപ്പെട്ടു കഴിഞ്ഞു. വ്യവസായ സ്ഥാപനങ്ങളുടെയും തൊഴിൽശാലകളുടെയും ലക്ഷ്യങ്ങൾക്ക് യോജിച്ച വിധം പാഠ്യപദ്ധതി തയാറാക്കി പഠിതാക്കളെ അവക്ക് പാകമാക്കിയെടുക്കുക എന്നതാണ് അവയുടെ ലക്ഷ്യമെന്ന് വിമർശിക്കപ്പെട്ടിരിക്കുന്നു.

എന്ന പേരിൽ രൂപവത്കൃമായ സംവിധാനങ്ങളിലാണിപ്പോൾ 33 ശമതാനം അമേരിക്കക്കാരും വിദ്യാഭ്യാസം നേടുന്നത്.

പുതിയ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിലേക്ക് പ്രതീക്ഷയോടെ

ഇരുപതാം നൂറ്റാണ്ടിന്റെ എഴുപതുകളിൽ, വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഭൗതികലോകത്തെയും പഞ്ചേന്ദ്രിയാഗ്രഹങ്ങളെയും മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടെന്ന് ആ മേഖലയിൽ പ്രവർത്തിക്കുന്നവർ തന്നെ സമ്മതിക്കുകയുണ്ടായി. റെനെഡൊബോ, തിയഡോർ റൊസാക്, അബ്റഹാം മാസ്ലോ മുതലായ പ്രഗത്ഭരാണ് ഈ വാദഗതി മുന്നോട്ടുവെച്ചത്. തിയഡോറോസാക് മതവും ശാസ്ത്രവും തമ്മിൽ സംഭവിച്ച വിഘടനത്തിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് തന്റെ മിക്ക ഗവേഷണ പഠനങ്ങളിലും വിസ്തരിച്ച് ചർച്ച ചെയ്തു. 'ഈ നിരുപയോഗ ഭൂമി എവിടെ ചെന്നവസാനിക്കും?' എന്ന അദ്ദേഹത്തിന്റെ കൃതി നിലവിലെ രാഷ്ട്രീയത്തിലെ മതത്തിന്റെ മാനം പ്രത്യേകമായി കൈകാര്യം ചെയ്യുന്നതാണ്. നമ്മുടെ ആധുനിക സംസ്കാരത്തിൽ നിന്ന് മതബോധം തീരെ പരിത്യജിക്കപ്പെട്ടിരിക്കുന്നു. മതം എന്നത് കൊണ്ട് താൻ ഉദ്ദേശിക്കുന്നത് ചർച്ചിനെയോ ചർച്ചിന്റെ വിശ്വാസങ്ങളെയോ അല്ല, പ്രത്യുത മാനവതക്ക് പുതിയൊരു ജീവിതം നൽകുന്ന ശാശ്വതമായ അവബോധവും ഉൾക്കാഴ്ചയും സമുന്നതമായ ജ്ഞാനവും പ്രദാനം ചെയ്യുന്ന മതത്തെയാണ്.[13]

മനഃശാസ്ത്ര മേഖലയിൽ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫസർ അബ്റഹാം മാസ്ലൊ, രോഗികളെയും മൃഗങ്ങളെയും പഠനവിധേയമാക്കി നിലപാടുകളിലും നിഗമനങ്ങളിലും എത്തിച്ചേർന്ന ഫ്രോയ്ഡിന്റെയും സ്കിന്നറിന്റെയും ഗവേഷണരീതികളിൽനിന്ന് ഭിന്നമായി, മാനസികമായും ധൈഷണികമായും അരോഗരായ ആളുകളെ പഠനവിധേയമാക്കിയാണ് ഗവേഷണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.[14] അബ്റഹാം മാസ്ലൊവിന്റെ സംഭാവനകളെ പുകഴ്ത്തിക്കൊണ്ട് ചില മാസികകൾ എഴുതി: "ഇനി മുതൽ ഒരു നൂറ്റാണ്ടുകാലം

സിഡ്നി ഹുക്

ക്രിസ്റ്റഫർ ജെ. ലൂക്കാസ്

മാസ്ലോവിന്റെ തത്ത്വങ്ങളായിരിക്കും നമ്മുടെ വീക്ഷണങ്ങളെ സ്വാധീനിക്കുക, ഫ്രോയ്ഡിന്റെയോ ഡാർവിന്റെയോ സ്കിന്നറിന്റെയോ നിഗമനങ്ങളാവില്ല."

ബ്രൂക്ലിൻ കോളേജ്, മാനവ വ്യവഹാര ശാസ്ത്രത്തിനായുള്ള വെസ്റ്റേൺ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയിൽ മനഃശാസ്ത്ര പ്രഫസറും പ്രിന്റീസ് യൂനിവേഴ്സിറ്റിയിൽ മനഃശാസ്ത്ര വിഭാഗം മേധാവിയും അമേരിക്കൻ മനഃശാസ്ത്ര സമിതിയുടെ പ്രസിഡന്റും എന്ന നിലയിൽ മരിക്കുന്നതവരെ തുടർന്ന അബ്റഹാം മാസ്ലോ ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളെ പ്രതിരോധത്തിലാക്കി. അവ മതമൂല്യങ്ങളുടെ രംഗത്തേക്ക് കടന്നുവരണമെന്ന് ശഠിച്ചു. നവോത്ഥാന കാലഘട്ടത്തിന്റെ തുടക്കത്തിൽ യൂറോപ്പ് മതത്തെയും ശാസ്ത്രത്തെയും വേർപെടുത്തി. രണ്ടിന്റെയും സംയോജനം ഇസ്ലാമിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

'അദൃശ്യമായ വിപ്ലവം' എന്ന കൃതിയിൽ അദ്ദേഹം എഴുതി: "ആധുനിക വിദ്യാഭ്യാസം പഠിതാക്കളുടെ സ്വത്വസാക്ഷാൽക്കാര വിഷയകമായി പരാജയപ്പെട്ടിരിക്കുന്നു. ഇത് ഏറ്റവും പ്രകടമാവുന്നത് പ്രസിദ്ധങ്ങളായ യൂനിവേഴ്സിറ്റികളിലാണ്. വേശ്യാലയങ്ങളിലേക്ക് യുവാക്കളെ അയക്കുന്നതുപോലെയാണ് ഇന്ന് നാം പഠിതാക്കളെ യൂനിവേഴ്സിറ്റികളിലേക്ക് അയക്കുന്നത്. യുവതലമുറകൾ മതങ്ങളും രൂഢമൂലങ്ങളായ വിശ്വാസങ്ങളും സമർപ്പിക്കുന്ന തീർച്ച സത്യങ്ങൾ എന്ന പോലെയാണ് യാഥാർഥ്യ

ങ്ങളിലേക്ക് ആകാംക്ഷാപൂർവം എത്തിനോക്കുന്നത്. പക്ഷേ, മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാധീനം നഷ്ടപ്പെട്ടിരിക്കുന്നു. യുവതലമുറകളുടെ മനസ്സുകളിൽ ദൈവം മാത്രമല്ല, മാർക്സും ഫ്രോയിഡും ഡാർവിനും മരിച്ചുകഴിഞ്ഞിരിക്കുന്നു. അവരുടെ മനഃസാക്ഷിയിൽ എല്ലാവരും മരിച്ചതിന് തുല്യമാണ്. അവർക്ക് പിന്തുടരാൻ പറ്റിയ മൂല്യങ്ങൾ അവർ കാണുന്നില്ല.[15]

മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്തുകൊണ്ട് Dichotmized Science and Dichotomized Religion എന്ന ശീർഷകത്തിൽ മാസ്‌ലോ എഴുതി: "ഈ ഗവേഷണം മനഃശാസ്ത്രരംഗത്ത് പ്രത്യക്ഷപ്പെട്ട പുതിയ വികാസങ്ങളിൽ പൊതുവായി കേന്ദ്രീകരിക്കുന്നു. ശാസ്ത്ര സംബന്ധമായ നമ്മുടെ തത്ത്വശാസ്ത്രത്തിൽ മൗലികമായ മാറ്റങ്ങൾ അനിവാര്യമാണ്. മതം ഉന്നയിക്കുന്ന മൗലിക ചോദ്യങ്ങൾ സ്വീകരിക്കാൻ നമ്മെ പ്രാപ്തമാക്കുന്ന മാറ്റങ്ങളാണാവശ്യം. ശാസ്ത്രത്തെ നിർവചിക്കാനും അതിന്റെ മേഖലയെ വികസിപ്പിക്കാനും മേൽ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് സാധിക്കണം. മതത്തെയും ശാസ്ത്രത്തെയും സങ്കുചിത ദൃഷ്ടിയിലൂടെ വീക്ഷിച്ചതിനാലാണ് അവയെ അന്യോന്യ ഭിന്നമായി നാം മാറ്റിനിർത്താനിടയായത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ശാസ്ത്രം എന്ന ആശയം സങ്കുചിതമായി. അത് മെക്കാനിക്-മനുഷ്യ നിർമിത തത്ത്വശാസ്ത്ര രംഗത്ത് മാത്രമായൊതുങ്ങി. മാനവികമൂല്യങ്ങളിൽ നിന്ന് അതിനെ മുക്തമാക്കി. മനുഷ്യോൽപത്തി-പരിണതി വിഷയങ്ങളിലും ആത്മീയ മൂല്യങ്ങളിലും തങ്ങൾക്ക് റോളില്ലെന്ന് വാദിച്ച് ശാസ്ത്രം തന്നെ സ്വയം അബദ്ധം ചെയ്തു. മൂല്യ വിഷയങ്ങൾ മാനവ വിജ്ഞാന വൃത്തത്തിന് പുറത്താണെന്ന വാദവും തഥൈവ. ബുദ്ധിമതികളെ തൃപ്തിപ്പെടുത്തുന്ന യാഥാർഥ്യങ്ങൾ എന്ന വിധം മൂല്യങ്ങളെ ശക്തിയായി അവതരിപ്പിക്കാൻ കഴിയില്ലെന്ന് വാദിക്കപ്പെട്ടു. ഈ വീക്ഷണം ശാസ്ത്രമെന്നാൽ സാങ്കേതിക ശാസ്ത്രമാണെന്ന ധാരണ സൃഷ്ടിച്ചു. നല്ലവർക്കും ചീത്തയാളുകൾക്കും നല്ല ലക്ഷ്യമോ ചീത്ത ലക്ഷ്യമോ മുൻനിർത്തി കൈകാര്യം ചെയ്യാവുന്ന വഴികളുടെ ഒരു കൂട്ടം എന്നത് മാത്രമാണ് ശാസ്ത്രം എന്നു വന്നു. ശാസ്ത്രത്തെ കൈയൊഴിഞ്ഞ് യാഥാർഥ്യങ്ങളിൽ നിന്ന് അകന്നുകഴിഞ്ഞ വ്യവസ്ഥാപിത മതങ്ങളും ഇതേ തെറ്റുതന്നെ ചെയ്തു. പക്ഷേ, ഇന്നിപ്പോൾ മത-ശാസ്ത്ര രംഗങ്ങളിൽ നന്നെ ചുരുങ്ങിയത് മതത്തെയും ശാസ്ത്രത്തെയും പ്രതിനിധീകരിക്കുന്ന അഭ്യസ്ത വിദ്യർക്കിടയിലെങ്കിലും മാറ്റം ദൃശ്യമായിരിക്കുന്നു. ഈ മാറ്റം ശാസ്ത്രാഭിമുഖ്യമുള്ളവരെ തീർച്ചയായും സ്വാധീനിക്കുക തന്നെ ചെയ്യും. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ചോദ്യങ്ങളിൽ വിശേഷിച്ചും ഈ മാറ്റം കൂടുതൽ ദൃശ്യമാവും.

ശാസ്ത്രജ്ഞരുടെ ഭാഗത്തുള്ള ഈ മാറ്റങ്ങൾ മതത്തിന്റെ സവിശേഷതകൾ നിരാകരിച്ചപ്പോൾ സംഭവിച്ചതുപോലുള്ള ഒരു ഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത്. നേരത്തെ ശാസ്ത്രം മതത്തിന്റെ ഭാഗമായിരുന്നു. പിന്നീട് അകലാൻ വേണ്ടി അത് വിഘടിച്ചു. അതുതന്നെയാണ് ഇപ്പോൾ മൂല്യങ്ങൾക്കും ആത്മീയ സത്യങ്ങൾക്കും സ്വഭാവ സദാചാര മേഖലകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആദർശ-മൂല്യ വിഷയങ്ങളിൽ ഒളിച്ചുവെപ്പുകൾ നടത്തിയിരുന്ന പഴയ മതങ്ങളുടെ വാദങ്ങൾ തള്ളിക്കളയുന്ന പുതിയ മാനവ വാദികളായ പണ്ഡിതന്മാരാണ് ഇതിന് നേതൃത്വം നൽകുക.

പക്ഷേ, ഇത് സംഭവിക്കരുതെന്നാണ് ഞാൻ പറയുക. ഞാൻ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന മത പ്രതിബദ്ധതയുള്ളയാൾ മൂല്യ വിഷയങ്ങൾ മുൻപത്തേതിനേക്കാൾ പിന്തുണക്കപ്പെടേണ്ടതാണെന്ന് മനസ്സിലാക്കണം. നാം മതത്തെയും ശാസ്ത്രത്തെയും ഉടനെയോ പിന്നെയോ നിർവചിക്കേണ്ടിവരും. സമ്പൂർണമായ രണ്ട് ഭാഗങ്ങളെ, അഥവാ ഓരോ ഭാഗവും മറ്റെ ഭാഗത്തിന് ആവശ്യമായ രണ്ട് ഭാഗങ്ങളെ ഒന്നായി കാണാൻ കഴിയണം. ചുരുക്കത്തിൽ, മതത്തെയും രാഷ്ട്രീയത്തെയും വേർപ്പെടുത്തുന്നത് അവയിൽ ഒന്നിനെ മാത്രമല്ല, രണ്ടിനെയും ദോഷകരമായി ബാധിക്കും. രണ്ടും ജീവിതത്തിന് പറ്റാതാവും.

ശാസ്ത്രീയ ശൈലിയിലല്ലാതെയുള്ള മതബോധം, പരമ്പരാഗതമായ ധാരണകൾ പൂർണവും അന്തിമവും തുടർന്നു നിലനിൽക്കുന്നതുമാണെന്നും തെറ്റിദ്ധരിച്ചു. സമ്പൂർണമായ യാഥാർഥ്യമാണെന്ന് വാദിച്ചു. മനുഷ്യർക്ക് മറ്റൊന്നും പഠിക്കാനില്ലെന്ന് വിധിച്ചു. മതത്തെക്കുറിച്ച ഈ നിലപാട് ക്രൈസ്തവ സ്ഥാപനങ്ങളെ തകർത്തു. അവ പുരോഗതിക്ക് വിരുദ്ധമായി. എല്ലാ ശാസ്ത്രീയ-സാംസ്കാരിക പുരോഗതിയെയും ബഹിഷ്കരിച്ചു. യാഥാർഥ്യ വിരുദ്ധവും പ്രകൃതി ലംഘനീയവുമായ അന്ധമായ അനുസരണവിധേയത്വമായി അതിന്റെ ലക്ഷ്യം.

ഈ വിഘടനം, മനുഷ്യനെ സംബന്ധിച്ചേടത്തോളം അനിവാര്യമായ എല്ലാറ്റിനെയും ഭാഗികമായി മനസ്സിലാക്കുക എന്ന നിലവാരത്തിലെത്തിച്ചു. ഉദാഹരണായി, വിശ്വാസത്തെയെടുക്കാം. പ്രപഞ്ചാസ്തിത്വത്തിൽ ഗുപ്തമായ ആശയങ്ങളിൽ നിന്നാണ് വിശ്വാസം പോഷണം നേടുന്നത്. എന്നാൽ, അത് ക്രൈസ്തവ ചർച്ചിന്റെ കൈയിൽ ചിന്തയെയും ചിന്തിപ്പിക്കലിനെയും പ്രതിസ്ഥാനത്ത് നിർത്തി. തദ്വാരാ വിശ്വാസം എന്നത് അജ്ഞതയിൽ സ്ഥാപിതമാവണമെന്ന് വന്നു. ആരെന്ത് പറഞ്ഞാലും അന്ധമായി അനുസരിക്കുക, എന്തു കേട്ടാലും സമ്മതിച്ചു കൊടുക്കുക എന്ന അവസ്ഥയായി. ഇക്കാരണത്താൽ ചർച്ചിന്റെ ദൗത്യം വിശ്വാസികളെ സൃഷ്ടിക്കുക എന്നതല്ല, കുഞ്ഞാടുകളെ സൃഷ്ടിക്കുകയാണെന്ന് വന്നു.

'വിശ്വാസം' എന്ന പോലെ, 'വിശുദ്ധം' എന്ന വാക്കും മതവും ശാസ്ത്രവും തമ്മിൽ വേർപ്പെടുത്തിയതിന്റെ ഫലങ്ങളിലൊന്നാണ്. ഈ പദം അതിഭൗതിക യാഥാർഥ്യങ്ങളെക്കുറിച്ച് മാത്രമേ ഉപയോഗിക്കാവൂ എന്നാ

പ്രാഗ്മാറ്റിസം ബുദ്ധി എന്ന ആശയത്തെ ചിന്തയുടെയും ധൈഷണികതയുടെയും തലത്തിൽ നിന്ന് ഭൗതിക ജീവിത കാര്യങ്ങൾ ആസൂത്രണം ചെയ്യാനുള്ള കേവല സാമർഥ്യത്തിലേക്ക് തരംതാഴ്ത്തി.

യി. അതനുസരിച്ച് മനുഷ്യാസ്തിത്വത്തിനു പുറത്തും മനുഷ്യനിൽ നിന്ന് വിഘടിച്ചുമാണ് വിശുദ്ധിയുടെ സ്ഥാനം എന്ന തെറ്റായ സങ്കൽപത്തിന് തുടക്കം കുറിക്കപ്പെട്ടു. ഭൗതികജീവിതത്തിൽ വിശുദ്ധി സാധ്യമല്ലെന്നായി. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം നടത്തപ്പെടുന്ന മതപരമായ ചടങ്ങുകൾ മാത്രമേ വിശുദ്ധമായുള്ളൂ എന്ന് മനസ്സിലാക്കപ്പെട്ടു. ആരാധനാലയങ്ങളുടെ ചുമരുകൾക്കകത്ത്, പ്രത്യേകമായ ഭാഷയിൽ, ജീവിതവുമായി ബന്ധമില്ലാതെ, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ, പ്രത്യേക ഭക്ഷണം കഴിച്ച് നടത്തുന്ന ചില ആചാരങ്ങൾ മാത്രമേ വിശുദ്ധമായുള്ളൂ എന്ന് വിശ്വാസികൾ വിശ്വസിച്ചുവശായി. വിശാലമായ മനുഷ്യജീവിതത്തിലെ വിശുദ്ധമായ എല്ലാറ്റിനെയും ഏതാനും മതപുരോഹിതന്മാർക്ക് വിട്ടുകൊടുത്തു. നിത്യജീവിതത്തിന് അവലംബിക്കാൻ ഒന്നുമില്ലാത്ത ഒരു മ്യൂസിയമായി മതം മാറി. ഇത്തരം മതങ്ങൾ തത്ത്വത്തെയും പ്രയോഗത്തെയും വേർപ്പെടുത്തുന്നു. രണ്ടു പേർക്കിടയിൽ അനിവാര്യമായും ഉണ്ടാകേണ്ട കർമക്ഷമതയെ പിച്ചിച്ചീന്തുന്നു. ഇരുവർക്കുമിടയിൽ കൈമാറാവുന്ന പ്രതികരണത്തെ കൊല്ലുന്നു. ഒരാൾ അപരനിൽനിന്ന് നേടേണ്ട നിരന്തരമായ രൂപാന്തരീകരണത്തെ തടയുന്നു. പരസ്പരം കൈമാറാവുന്ന ഉപകാരങ്ങൾ വിലക്കുന്നു.

ചരിത്രത്തിൽ ഇതിന് എത്രയും തെളിവുകളുണ്ട്. 'സീസറിനുള്ളത് സീസറിന്, ദൈവത്തിനുള്ളത് ദൈവത്തിന്' എന്ന ക്രൈസ്തവ മുദ്രാവാക്യം തിന്മയെ ഇല്ലായ്മ ചെയ്യുന്നതിനു പകരം അതിനെ ശക്തിപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ആകാശത്തെ ഭൂമിയിൽ നിന്ന് വേർപ്പെടുത്തിയതിന്റെ ഫലമായിരുന്നു ഇത്. ശാസ്ത്രത്തിൽ നിന്ന് വേർപ്പെടുത്തപ്പെട്ട മതത്തെക്കുറിച്ചാണ് നാം ഇത്രയും പറഞ്ഞത്. ഇതുതന്നെയാണ് മതത്തിൽനിന്ന് അടർത്തിമാറ്റപ്പെട്ട ശാസ്ത്രത്തിനും സംഭവിച്ചത്.

ജീവിതത്തിന്റെ മഹത്തായ ലക്ഷ്യങ്ങളുമായി തങ്ങൾക്ക് ബന്ധമില്ല, തൊട്ടറിയാവുന്ന ഭൗതികലോകവുമായി മാത്രമേ ഞങ്ങൾക്ക് ബന്ധമുള്ളൂ എന്ന് ശാസ്ത്രജ്ഞർ വാദിച്ചു. ചുരുക്കത്തിൽ, വിഭജിതമായ മതത്തിനെതിരെ ഉന്നയിക്കാവുന്ന എല്ലാ വിമർശങ്ങളും ശാസ്ത്രത്തിനെതിരെയുമാവാമെന്നു വന്നു. മനുഷ്യ യാഥാർഥ്യങ്ങളുടെയും പ്രശ്നങ്ങളുടെയും നേരെ അജ്ഞത നടിക്കുന്ന മതവും, വിശ്വാസങ്ങളെയും മഹത്തായ മാതൃകയെയും അവഗണിക്കുന്ന ശാസ്ത്രവും ഒരുപോലെ മനുഷ്യവിരുദ്ധമായി. ഏത് നിക്ഷിപ്ത താൽപര്യങ്ങൾക്കും വിധേയമാണ് ശാസ്ത്രം എന്ന് വ്യാഖ്യാനിക്കപ്പെട്ടു. നാസി-കമ്യൂണിസ്റ്റ്-അമേരിക്കൻ താൽപര്യങ്ങൾക്ക് വേണ്ടി ശാസ്ത്രത്തെ ദുരുപയോഗിച്ച ജർമൻ ശാസ്ത്രജ്ഞർ ഈ നിലപാടിന്റെ മാതൃകയാണ്.

കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾ ശാസ്ത്രം മനുഷ്യന്റെ മഹിത ലക്ഷ്യങ്ങൾക്ക് അപകട ഭീഷണിയാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. നല്ലവനായ അധ്യാപകൻ സ്വന്തത്തെ മറന്ന് തന്റെ പഠിതാക്കൾക്ക് മനുഷ്യന്റെ വിശുദ്ധി വിശ്വസിച്ചുകൊണ്ട് കൂടുതലായി നൽകാൻ തയാറാവണം. വിദ്യാഭ്യാസത്തിൽ ഈ ഉള്ളടക്കം ഇല്ലെങ്കിൽ നല്ലവനായ അധ്യാപകനെ നമുക്ക് ഉണ്ടാക്കിയെടുക്കാനാവില്ല. മാനവിക വിജ്ഞാന മേഖലയിൽ നിന്ന് ആത്മീയ മൂല്യങ്ങളും സൽസ്വഭാവപരമായ ആശയങ്ങളും നീക്കം ചെയ്യാവതല്ല. ഈ മൂല്യങ്ങളെ ചർച്ചിന്റെ ഗോഡൗണിലേക്ക് തള്ളിമാറ്റാനും കഴിയില്ല. നിലവിലെ വിദ്യാഭ്യാസത്തിന് ഇത് നിർവഹിക്കാനാവില്ലെങ്കിൽ കൂടുതൽ വികസിതമായ വിദ്യാഭ്യാസം ആവിഷ്കരിക്കേണ്ടതുണ്ട്. അതിൽ മതവിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യമുണ്ടാവണം.

ശാസ്ത്രമേഖലക്ക് പുറത്ത് നിർത്തിയിരിക്കുന്ന സാങ്കേതിക വാക്കുകളുടെയും അവയുടെ ആശയങ്ങളുടെയും ഒരു നിഘണ്ടു തയാറാക്കുകയാണെങ്കിൽ അവയത്രയും പ്രകൃതിയിൽ കൃത്യമായ ആശയങ്ങൾ പ്രകാശിപ്പിക്കുന്നവയാണെന്ന് കാണാം എന്ന് ഞാൻ പറഞ്ഞാൽ അത് അതിശയോക്തിയാണെന്ന് ഒരുപക്ഷേ നിങ്ങൾ പറഞ്ഞേക്കാം.

പത്തൊമ്പതാം നൂറ്റാണ്ടിലെ നിരീശ്വര നിർമതവാദികൾ, പുനർനിർമിക്കുന്നതിനു പകരം വീട് അഗ്നിക്കിരയാക്കി. അവർ മതം ഉന്നയിക്കുന്ന ചോദ്യങ്ങൾക്കൊപ്പം അവയുടെ ഉത്തരങ്ങളും പറഞ്ഞുകളഞ്ഞു. മതം ഉന്നയിക്കുന്ന സുസമ്മത സത്യങ്ങൾക്ക് പുറംതിരിഞ്ഞുനിന്നു. കാരണം, മതത്തിന്റെയാളുകൾക്ക് തൃപ്തികരമായ ഉത്തരം പറയാൻ കഴിഞ്ഞിരുന്നില്ല. ആത്മബഹുമാനമുള്ള ലോകത്തിന് ഉൾക്കൊള്ളാവുന്ന തെളിവുകളോ സാക്ഷ്യങ്ങളോ അവർക്ക് സമർപ്പിക്കാനായിരുന്നില്ല.

എന്നാൽ, ആധുനിക ലോകം ഇന്ന് കൂടുതൽ തെളിച്ചത്തിലേക്ക് കടന്നിരിക്കുന്നു. ഉൽപത്തി, അസ്തിത്വം, പരിണതി മുതലായ വിഷയങ്ങൾ പൂർണമായ ആദരവർഹിക്കുന്ന വൈജ്ഞാനിക വിഷയങ്ങളാണ്. അവയൊക്കെയും മാനവ പ്രകൃതിയിൽ ആഴത്തിൽ വേരോടിയവയാണ്. ശാസ്ത്രീയമായ ശൈലിയിലൂടെ അവ പഠിക്കാൻ

കഴിയും. മാനവികാന്വേഷണങ്ങൾക്ക് മറുപടി പറയാൻ ചർച്ച് ശ്രമിച്ചിരുന്നു. അതിന്റെ ഉത്തരങ്ങൾ തെറ്റിപ്പോയെങ്കിലും, ആ ചോദ്യങ്ങൾ പൂർണമായും പരിഗണനയർഹിക്കുന്നു.

മതത്തെയോ മതപരമായ വിഷയങ്ങളെയോ പരിഗണിക്കാത്ത ഏതൊരു വ്യക്തിയെയും ആധുനിക മനഃശാസ്ത്രജ്ഞരും മാനവവാദികളും രോഗിയായോ, ഒറ്റപ്പെട്ടവനായോ ആയാണ് പരിഗണിക്കുന്നത്.[16]

Edger Fawreന്റെ നേതൃത്വത്തിൽ തയാറാക്കിയ വിദ്യാഭ്യാസത്തെക്കുറിച്ച ലോക പുനരാലോചന സമിതിയുടെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ കാണുക: "വിദ്യാഭ്യാസം ഇന്നൊരു സംവാദ വിഷയമാണ്. നിലവിലെ സാഹചര്യം വെച്ചുനോക്കുമ്പോൾ അന്താരാഷ്ട്ര സമൂഹങ്ങൾ തദ്വിഷയകമായി സഹകരണത്തിന് തയാറാവേണ്ടതുണ്ട്.[17] ആധുനിക മനുഷ്യൻ ആശയഗ്രഹണത്തിലെ തന്റെ മികച്ച സാന്നിധ്യങ്ങൾക്കും പ്രകൃതി, വികാരങ്ങൾ, സ്വഭാവമൂല്യങ്ങൾ എന്നിവക്കുമിടയിൽ അനിവാര്യമായും സന്തുലിതത്വം നേടേണ്ടിയിരിക്കുന്നു. വിദ്യ കൊണ്ടു മാത്രം മനുഷ്യന് നിലനിൽക്കാനാവില്ല. തൊഴിലു കൊണ്ടും തഥൈവ. അറിവിനും തൊഴിലിനുമപ്പുറം താൻ താനുമായും മറ്റുള്ളവരുമായും അനുരഞ്ജനത്തിലാണെന്ന് അവന് മനസ്സിലാക്കാൻ കഴിയണം.[18]

Reno Dobos എഴുതുന്നു: "ശാസ്ത്രം തത്ത്വശാസ്ത്ര മതമൂല്യങ്ങളെ തകർത്തുകളഞ്ഞതായി മനസ്സിലാക്കപ്പെടുന്നു. പ്രപഞ്ചത്തെക്കുറിച്ചോ മാനവ വ്യവഹാരങ്ങളെക്കുറിച്ചോ അത് ഒരു ബദൽ നിർദേശം മുന്നോട്ടുവെച്ചില്ല.... ഇന്ന് മനുഷ്യന് തന്റെ ഉൽപത്തിയെയോ അസ്തിത്വത്തെയോ പരിണതിയെയോ സംബന്ധിച്ച് ചിന്തിക്കാതെ ജീവിക്കാൻ സാധ്യമല്ല."[19]

ഈ മേഖലയിലെ നമ്മുടെ ആവശ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. മാനവ സമൂഹത്തിനിടയിലെ സകല വിവേചനങ്ങളെയും ഇല്ലായ്മ ചെയ്യുന്ന, പരസ്പര സ്നേഹത്തിനും സഹകരണത്തിനും സഹായകമാവുന്ന ഒരു വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഇന്നത്തെ അനിവാര്യതയാണ്.

2. മനുഷ്യർക്ക് തങ്ങളുടെ സ്വത്വം കണ്ടെത്താനും തന്റെ വ്യക്തിത്വത്തിന്റെ മൗലിക ഘടകങ്ങളും അഭിനിവേശങ്ങളുടെയും സ്വപ്നങ്ങളുടെയും ആശയവും, വ്യക്തികൾ തമ്മിലെയും വ്യക്തിയും സമൂഹവും തമ്മിലെയും ബന്ധങ്ങളുടെ പ്രകൃതിയും ഗ്രഹിക്കാൻ സഹായകമായ വിദ്യാഭ്യാസമാണ് കാലഘട്ടത്തിന്റെ ആവശ്യം. ഇതുപോലെ, ജീവിതം, സ്നേഹം, അറിവ്, താൻജീവിക്കുന്ന സമൂഹത്തിൽ ചിന്തകളുടെയും മാതൃകകളുടെയും പ്രയോഗവത്കരണം എന്നിവ മനുഷ്യനെ പഠിപ്പിക്കുന്ന വിദ്യാഭ്യാസമാണ് നമുക്ക് വേണ്ടത്.[20]

3. ശാസ്ത്ര സാങ്കേതിക മേഖലയിലെ കണ്ടെത്തലുകൾ മാത്രം നടപ്പിലാക്കുന്ന വിദ്യാഭ്യാസം കൊണ്ടായില്ല. ഇഛകളിൽ നിന്നും കുടുസ്സായ താൽപര്യങ്ങളിൽ നിന്നും മോചിതമായി ആദർശം, കാഴ്ചപ്പാടുകൾ, ജീവിതമാർഗങ്ങൾ, നിലപാടുകൾ, സമീപനങ്ങൾ മുതലായവയിലെല്ലാം സ്വന്തമായ എല്ലാ മുൻധാരണകളെയും മാറ്റി നിർത്തി പ്രവർത്തനങ്ങൾക്ക് മാർഗദർശകവും മാനവ സേവാ സജ്ജവുമായ വിഷയാധിഷ്ഠിത ജ്ഞാനം എന്നത് മാത്രമാണ് യഥാർഥ പരിഹാരം. അതില്ലെങ്കിൽ സഹിഷ്ണതയും വൈവിധ്യവും ആവശ്യമായ മനുഷ്യർക്ക് ഭാവിയിൽ ആധുനിക നാഗരികതയിൽ പങ്കാളികളാവാൻ കഴിയില്ല.[21]

ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ നിരൂപണവിധേയമാക്കിയ പുതിയ തലമുറ Evisionists എന്നറിയപ്പെടുന്നു. അമേരിക്കയിലെയും യൂറോപ്പിലെയും യൂനിവേഴ്സിറ്റികളിലെ ഹെർബർട്ട് ജൻസ്, സാമുവൽ പോൾ, മാർട്ടിൻ കാർനവീകാരീർ, ഗോൾസ് പ്രിംഗ്, ടാസ്ക്കൂനി മുതലായവരാണ് ഈ ഗണത്തിലുള്ളത്. നിലവിലെ വിദ്യാഭ്യാസം സൃഷ്ടിച്ച സാമൂഹിക പ്രേരകങ്ങളെയും സ്വാധീനങ്ങളെയും വിശകലനം ചെയ്താണവർ തങ്ങളുടെ നിലപാടുകളിലെത്തിച്ചേർന്നത്. ഫാക്കൽറ്റികളിലെയും തൊഴിലിടങ്ങളിലെയും നിർദിഷ്ട ജീവിതത്തിന് സമാനമായ വിദ്യാലയ ജീവിതവും വിദ്യാഭ്യാസാവസ്ഥയും സ്ഥാപിക്കുക വഴി ആധുനിക വിദ്യാഭ്യാസത്തെ മുതലാളിത്ത താൽപര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യുകയായിരുന്നു എന്നാണവരുടെ കണ്ടെത്തൽ. മനുഷ്യനെ മനുഷ്യത്വം പഠിപ്പിക്കുകയും മാന്യതയും സ്വാതന്ത്ര്യവും സമത്വവും ഇഷ്ടകരമാവുകയും, ചൂഷണത്തെയും അടിമത്തത്തെയും നിരാകരിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസത്തിന് അവസരം കുറച്ചത് കർമരംഗത്ത് പ്രവേശിക്കുന്നതിന് മുമ്പ് ഭാവിയിലെ തൊഴിലാളികളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. 'വിദ്യാഭ്യാസം ജനങ്ങളെ മയക്കുന്ന കറുപ്പാണ്' എന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നേടത്തോളം കാര്യങ്ങൾ എത്തിയിരിക്കുന്നു. Ivan I Hich വാദിക്കുന്നത് വിദ്യാലയങ്ങൾ അടച്ചു

ആധുനിക മനുഷ്യൻ ആശയഗ്രഹണത്തിലെ തന്റെ മികച്ച സാന്നിധ്യങ്ങൾക്കും പ്രകൃതി, വികാരങ്ങൾ, സ്വഭാവമൂല്യങ്ങൾ എന്നിവക്കുമിടയിൽ അനിവാര്യമായും സന്തുലിതത്വം നേടേണ്ടിയിരിക്കുന്നു. വിദ്യ കൊണ്ടു മാത്രം മനുഷ്യന് നിലനിൽക്കാനാവില്ല. തൊഴിലു കൊണ്ടും തഥൈവ. അറിവിനും തൊഴിലിനുമപ്പുറം താൻ താനുമായും മറ്റുള്ളവരുമായും അനുരഞ്ജനത്തിലാണെന്ന് അവന് മനസ്സിലാക്കാൻ കഴിയണം.

പൂട്ടാനും വിദ്യാലയങ്ങളില്ലാത്ത സമൂഹത്തെ സൃഷ്ടിക്കാനുമാണ്.[22]

ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളിലെയും അവയുടെ പ്രയോഗവത്കരണത്തിലെയും പ്രശ്നങ്ങൾ കാരണുണ്ടായിത്തീർന്ന ചരിത്രപരവും സാമൂഹികവുമായ പ്രതിസന്ധികൾ ശക്തമായി മുന്നോട്ടുവെച്ച അവർക്ക് പക്ഷേ, പുതിയൊരു ബദൽ നിർദേശം മുന്നോട്ട് വെക്കാനായിട്ടില്ലെന്ന ശൂന്യത നിലനിൽക്കുന്നു. ■

കുറിപ്പുകൾ

1. Christopher J. Lucas Op Cit, P 111
2. Ibid, P 107
3. Christopher J. Lucas, OP Cit, P 17
4. Sidney hook 'The Scope of Philosophy of Education' in Harvard Educational Review, Vol 26 (Spring 1956) 145-148
5. John S Bruk bacher, Op Cit, pp 4-6
6. Paul Woodring 'The Decline of Educational Philosophy' in Phi Delta Kappan (Oct 1958 pp 6-10)
7. William Hi Howick, Op C2t P 53
8. Robert L. Church. Education in United States (Newyork: Macmillian Publishing Co, 1976) pp 404-407
9. William H Howich, op Cit p 40
10. Ibid, pp 69-77
11. Karen E. Maloney 'Philosophy of Education: Detinitions of the filed, 1942-1982, in Educational Studies, Vol: 16, November 3, Fall, 1985) pp 245-252
12. Remate N Caine and Geottrey caine Education on the Edge of possibility, ASCD, VA, USA 1997
13. Theodare Rozak, Where the Wasre land Ends (Newyork: Double day and Co. INC 1972) p xx
14. Frank G. Goble, The Third Force: The Psychology of Ibraham Maslow, (Newyork, Simon and Schuster, 1970) pp 15-22
15. Abraham H Maslow ' The Unnoticed Revolution' in Educational in A Dynamic Sociaty. ed. by Dorothy Websy Gibson (1972) pp 60-64
16. ماجد عرسان الكيلاني، خطر الانشقاق بين الدين والعلم، أبرهام ماسلو، مجلّة الأمة قطر (عدد ربيع الأول ١٤٠١ ه)ص : ١٧–٢١
17. إيدجار فوز وزملاؤهُ، تعلم لتكون، ص : ٣٦
18. إيدجار فوز وزملاؤهُ، تعلم لتكون، ص : ٣٨، ٣٩
19. Rene Dubos. So Human an animal (Newyork: Charles Scriber's sons,1968) p 10
20. Edger Faure, learning to be (Paris: Unesco, 1972) pp 65-66
21. Ibid, pp 146-148
22. Ivan I Hich, Deschooling Society, New yorkL Harper and Row, 1971